# *എഴുത്തിലെ പദദൂരവ്യവസ്ഥകളും ഭാഷാചാലകതന്ത്രത്തിലെ ചില അവസ്ഥകളും*

(ഭാഗം–3/5)

*പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* **D.Sc., Ph.D.**

Part-1: http://emalayalee.com/varthaFull.php?newsId=46327
Part-2: http://emalayalee.com/varthaFull.php?newsId=46514

## നാമം

നാലുതരം നാമങ്ങൾ—*സംജ്ഞാനാമം* (ജോഷ്വാ, വിഷ്ണു, ആയിഷ); *സാമാന്യനാമം* (വൃക്ഷം, പക്ഷി, ക്ഷത്രിയൻ); *സർവ്വനാമം* (എൻ, നിൻ, അ, ഇ, എ, ഒരു, ചില, പല, എല്ലാ, മിക്ക, വല്ല, മറ്റു, ഇന്ന), *മേയനാമം* (വായു, ഭൂമി, ചക്രവാളം). ഇവ എല്ലാവർക്കും സുപരിചിതം.

പദദുർവ്യയം (വൃഥാസ്ഥൂലത/പദദുർമ്മേദസ്സ്) ഒഴിവാക്കാനും പദലഘൂകരണം നടത്താനുമാണല്ലോ സന്ധിസമാസങ്ങൾ കണ്ടുപിടിച്ചത്. നാമങ്ങളെ മറ്റു പദങ്ങളുമായി ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്ന വിഭക്തിപ്രത്യയങ്ങൾക്കുശേഷം പദദൂരനിയമം എങ്ങിനെ നടപ്പാക്കുന്നുവെന്നു നോക്കാം. ഓരോ വിഭക്തിയും ഓരോ ജോലി നിർവ്വഹിക്കുന്നു - ചിലതിനുശേഷം നാമങ്ങൾ; ചിലതിനുശേഷം ക്രിയകൾ. ഓർമ്മ പുതുക്കാൻ വിഭക്തികളുടെ പേരുകളും പ്രത്യയങ്ങളും, ഉദാഹരണസഹിതം കുറിക്കട്ടെ: നിർദ്ദേശിക (പ്രത്യയമില്ലാത്ത നാമരൂപം - ലിങ്കൺ, ലിൻഡ), പ്രതിഗ്രാഹിക (എ - ലിങ്കനെ - ലിൻഡയെ), സംയോജിക (ഓട് - ലിങ്കനോട് - ലിൻഡയോട്), ഉദ്ദേശിക (ക്ക്, ന് - ലിങ്കന് - ലിൻഡയ്ക്ക്), പ്രയോജിക (ആൽ - ലിങ്കനാൽ - ലിൻഡയാൽ), സംബന്ധിക (ഉടെ, ന്റെ - ലിങ്കന്റെ - ലിൻഡയുടെ), ആധാരിക (ഇൽ, കൽ - ലിങ്കനിൽ - ലിൻഡയിൽ). സംബോധികാവിഭക്തിയും (ലിങ്കാ, ലിൻഡേ) വിഭക്ത്യാഭാസങ്ങളും (കോട്ടയത്ത്, താഴോട്ട്, വീട്ടിലെ, ചാരത്ത്, കണ്ണൂരിലെ ...) കൂടുതൽ വിശദീകരിക്കുന്നില്ല. വിഭക്തിപ്രത്യയങ്ങൾ ആരുംതന്നെ വിട്ടെഴുതാറില്ല — രാമ നാൽ എന്നോ സീത യുടെ എന്നോ. മറ്റു പദങ്ങൾ അനാവശ്യമായി അകറ്റിയെഴുതുന്നവർപോലും ഇതുകണ്ടാൽ ചിരിക്കും.

*വാചകം* (നാമം, ക്രിയ, വിശേഷണം) എന്ന ശബ്ദവിഭാഗത്തിലെ അംഗങ്ങളെ പരസ്പരം ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ശബ്ദവിഭാഗമാണ് *ദ്യോതകം*. *ഗതി*, *ഘടകം*, *വ്യാക്ഷേപകം*, *കേവലം* എന്നിങ്ങനെ ദ്യോതകശബ്ദവിഭാഗം (ദ്യോതകങ്ങളെ *നിപാതം*, *അവ്യയം* എന്നും തരംതിരിക്കാറുണ്ട്). ഇവയിൽ ഗതി, ഘടകം എന്നിവയാണ് സങ്കലനത്തിനു ഉപകരിക്കുക. പൂർണ്ണാർത്ഥം തരുന്ന ഉവ്വ്, അയ്യോ എന്നിവ *വ്യാക്ഷേപക*ങ്ങളാണ്. ഈ മൂന്നു വിഭാഗങ്ങളിലും പെടാത്തത് *കേവല*ശബ്ദം.

ഈ ലേഖനത്തിൽ, ദ്യോതകം എന്ന പരാമർശം മുഖ്യമായും ഗതിഘടകങ്ങളെ കുറിക്കുന്നു.

**ഗതി**: (വിഭക്തിയെ വിളക്കുന്ന ദ്യോതകം) – കൊണ്ട്, പറ്റി, നിന്ന്, വെച്ച്, ഏക്ക്, കുറിച്ച്, കാൾ, ഊടെ, ...

**ഘടകം**: (പദങ്ങളെ ഘടിപ്പിക്കുന്ന ദ്യോതകം) – ഉം, ഓ, മുതൽ, വരെ, പുറമെ, തമ്മിൽ, കൂടി, മുമ്പ്, മുന്നെ, പിന്നെ, എതിരെ, ഇതര, മൂലം, ശേഷം, മാത്രം, മേൽ, നേർക്ക്, നേരെ, എന്നാൽ, എങ്കിൽ, എന്ന്, തൊട്ട്, പോലെ, ഉള്ള, വേണ്ട, വേണ്ടി, ആകിൽ, അത്ര, അത്രെ, ആയ, പോയ, ആയി ...

ഗതിയും, ഘടകവും പദങ്ങളോടു ചേരുമ്പോൾ ഒരിക്കലും വിട്ടെഴുതാറില്ല
ഉദാ (ദ്യോതകങ്ങൾ ഇറ്റലികിസിൽ): അന്നു***മുതൽ*** ഇന്നു*വരെ*; നാളെ***തൊട്ട്*** ചെയ്യാന്***ഉള്ള*** കാര്യങ്ങൾക്കു***വേണ്ടി***. പല ദ്യോതകങ്ങളും ഗതിയോ ഘടകമോ എന്നു നിശ്ചയിക്കാൻ വിഷമമാകാം. കൂട്ടിയെഴുതുന്ന/വിട്ടെഴുതുന്ന നിയമം ഒന്നാകുകകൊണ്ട് ഈ തരംതിരിവ് ഒരു പ്രശ്നവും സൃഷ്ടിക്കുന്നില്ല. വിനയെച്ചങ്ങളിലും മറ്റും കാണുന്ന പല അനുപ്രയോഗങ്ങളും ഇതേ നിയമം പാലിക്കുന്നു.
കൂടുതൽ ഉദാഹരണങ്ങൾ (ദ്യോതകങ്ങൾ ഇറ്റലിക്സിൽ):
ശിശുസഹജ***മായ*** പെരുമാറ്റം എല്ലായ്പ്പോഴ*ും* നിഷ്ക്കളങ്കത***യുടെ*** ലക്ഷണമാകണ***മെന്നി***ല്ല.
*എന്നാൽ*, *എങ്കിൽ*, *എന്ന്* തുടങ്ങിയ ദ്യോതകപദങ്ങൾക്കും കൂട്ടിയെഴുതൽനിയമം ബാധകമാണ്.  ഓർക്കുക: ഇതിൽ *എന്നാൽ*, *എങ്കിൽ* മുതലായവ വാക്യാരംഭങ്ങളിലും വരാം.

ചില പ്രസ്താവനകൾക്കോ തലക്കെട്ടുകൾക്കോശേഷം വരുന്ന "എന്ന" എന്ന ഘടകപദം വേർതിരിച്ചെഴുതും (*ഖസാക്കിന്റെ ഇതിഹാസം* എന്ന നോവൽ).  മറ്റു ഉദാഹരണവാക്യങ്ങൾ ഈ ലേഖനത്തിൽത്തന്നെ കാണാം. വിഭക്തിപ്രത്യയവും ദ്യോതകവും ചേർന്ന നാമങ്ങൾ കഴിഞ്ഞുവരുന്ന പദങ്ങളും സാധാരണ വിട്ടെഴുതുന്നു (ഓബാമ***യ്ക്കുള്ള*** പ്രത്യേകതകൾ – *യ്ക്കു* = വിഭക്തി – ഉദ്ദേശിക; *ഉള്ള* = ദ്യോതകം – ഘടകം).  പറ്റുവിനകളുടെ വാലറ്റമായി വരുന്ന അനുപ്രയോഗങ്ങൾക്കുശേഷവും, പലപ്പോഴും പേരെച്ച-വിനയെച്ച ക്രിയകളുമായി ചേർന്നുവരുന്ന നാമവും ക്രിയയും ചേർത്തെഴുതാറുണ്ട്. (വിശദാംശങ്ങൾക്ക് *ക്രിയ* കാണുക: ഭാഗം – 4).

**വിവിധ വിഭക്തികൾ** ഉപയോഗിച്ചതിനുശേഷമുള്ള വിട്ടെഴുതൽ: ഓരോ വിഭക്തിക്കും, രണ്ടാം പദാരംഭം സ്വരമോ വ്യഞ്ജനമോയായി വരുന്ന രണ്ട് ഉദാഹരണങ്ങൾവീതം താഴെ:
നിർദ്ദേശിക = കിളി പോയി, കിളി അറിഞ്ഞു
പ്രതിഗ്രാഹിക = കിളിയെ വിളിച്ചു, കിളിയെ ഒളിപ്പിച്ചു
സംയോജിക = കിളിയോട് കുറുങ്ങി, കിളിയോട് ഉരിയാടി
ഉദ്ദേശിക = കിളിക്ക് വിശക്കുന്നു, കിളിക്ക് ഇഷ്ടമാണ്

പ്രയോജിക = കിളിയാൽ തീർത്ത, കിളിയാൽ അവതരിച്ച
സംബന്ധിക = കിളിയുടെ ശബ്ദം, കിളിയുടെ അറിവ്
ആധാരിക = കിളിയിൽ വിശ്വസിച്ചു, കിളിയിൽ ആശ്രയിച്ചു

ഇവയിൽ, ഉത്തരപദം വ്യഞ്ജനത്തിൽ ആരംഭിക്കുന്നെങ്കിൽ — നിർദ്ദേശിക (കിളി പോയി), പ്രതിഗ്രാഹിക (കിളിയെ വിളിച്ചു), സംബന്ധിക (കിളിയുടെ ശബ്ദം), ആധാരിക (കിളിയിൽ വിശ്വസിച്ചു) എന്നിവ — ഗദ്യത്തിൽ എപ്പോഴും വിട്ടെഴുതണം. ബാക്കിയുള്ളവ — നാമ-വിഭക്തിസംയോജകം വിവൃതോകാരത്തിൽ അവസാനിപ്പിക്കാവുന്നതാണെങ്കിലോ, സന്ധിചേർത്തെഴുതാൻ കഴിയുന്നതാണെങ്കിലോ — കൂട്ടിയെഴുതാൻ വഴങ്ങുന്നതായിരിക്കാം ("ഉ"കാരാന്ത്യപദങ്ങളെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നുണ്ട്). അതായത്,
സംയോജിക (കിളിയോട് കുറുങ്ങി = കിളിയോടുകുറുങ്ങി),
ഉദ്ദേശിക (കിളിക്ക് വിശക്കുന്നു = കിളിക്കുവിശക്കുന്നു),
പ്രയോജിക (കിളിയാൽ തീർത്ത = കിളിയാൽത്തീർത്ത) എന്നിങ്ങനെ.
പക്ഷേ, ഉത്തരപദം (അത് നാമമായാലും ക്രിയയായാലും, സ്വരത്തിലോ വ്യഞ്ജനത്തിലോ തുടങ്ങിയാലും) നീണ്ട പദമെങ്കിൽ, കൂട്ടിച്ചേർത്ത് എഴുതാതിരിക്കുകയാണുത്തമം. മുൻവാചകത്തിലെ അവസാനവാക്കുകൾ "കൂട്ടിച്ചേർത്തെഴുതാതിരിക്കുകയാണുത്തമം" എന്നോ "കൂട്ടിച്ചേർത്തെഴുതാതിരിക്കുകയാണ് ഉത്തമം" എന്നോ എഴുതുന്നത് നല്ലതല്ല. മുകളിലെ ആധാരികാവിഭക്തിയുടെ വകഭേദം ഉദാഹരണമാക്കിയാൽ "കിളിയിലാശ്രയിച്ചിരിക്കുന്നവരുടെതായ" എന്നെഴുതുന്നതിനു പകരം "കിളിയിൽ ആശ്രയിച്ചിരിക്കുന്നവരുടെതായ" എന്ന് വിട്ടെഴുതുക. "കിളിയിൽ ആശ്രയിച്ച് ഇരിക്കുന്നവരുടെതായ" എന്നത്, പദദൂരന്യായമനുസരിച്ച് *ഇരിക്കുന്നവരുടെതായ* എന്നത് ദീർഘപദമാണെങ്കിലും, വിട്ടെഴുതാതിരിക്കുന്നതാണ് ഭംഗി. ഇത് പല സ്വരാരംഭപദങ്ങൾക്കും ബാധകമാണ്. നിയമനിരാസവേളകൾ നിയമത്തെ അടിവരയിടാൻ സഹായിക്കുന്നു.

അതായത്, ഉത്തരപദം സ്വരത്തിൽ ആരംഭിക്കുന്നെങ്കിൽ, കൂട്ടിയെഴുതുന്നത് സർവ്വസാധാരണം.
നിർദ്ദേശിക (കിളി അറിഞ്ഞു = കിളിയറിഞ്ഞു)
പ്രതിഗ്രാഹിക (കിളിയെ ഒളിപ്പിച്ചു = കിളിയെയൊളിപ്പിച്ചു)
സംയോജിക (കിളിയോട് ഉരിയാടി = കിളിയോടുരിയാടി)
ഉദ്ദേശിക (കിളിക്ക് ഇഷ്ടമാണ് = കിളിക്കിഷ്ടമാണ്)
പ്രയോജിക (കിളിയാൽ അവതരിച്ച = കിളിയാലവതരിച്ച)
സംബന്ധിക (കിളിയുടെ അറിവ് = കിളിയുടെയറിവ്)
ആധാരിക (കിളിയിൽ ആശ്രയിച്ചു = കിളിയിലാശ്രയിച്ചു)

അപ്പോൾ, വിട്ടെഴുതുമ്പോൾ വിവേചനബുദ്ധി ഉപയോഗിക്കണമെന്നർത്ഥം. ആശയം ഉറപ്പിക്കാൻ: നിർദ്ദേശിക, പ്രതിഗ്രാഹിക, സംബന്ധിക, ആധാരിക

എന്നിവയിൽ, ഉത്തരപദം വ്യഞ്ജനത്തിൽ ആരംഭിക്കുന്നെങ്കിൽ, ഗദ്യത്തിൽ എപ്പോഴും വിട്ടെഴുതണം. സംയോജിക, ഉദ്ദേശിക, പ്രയോജിക എന്നിവയിൽ, ഉത്തരപദം വ്യഞ്ജനത്തിൽ ആരംഭിച്ചാലും (നീണ്ടതല്ലെങ്കിൽ – **അഞ്ച്** അക്ഷരങ്ങൾക്കു താഴെയെങ്കിൽ – ഇത് എന്റെ നിർദ്ദേശം) കൂട്ടിയെഴുന്നത് അഭംഗിയായി തോന്നില്ല. എന്നാൽ, ഉത്തരപദം സ്വരത്തിൽ ആരംഭിക്കുന്നെങ്കിൽ, എല്ലാ വിഭക്തികളിലും കൂട്ടിയെഴുതാൻ കഴിയും; ഉത്തരപദം നീണ്ടതോയെന്ന് നോക്കി, വിട്ടെഴുതാനും തയ്യാറാകണം. നാമത്തിന്റെ (സർവ്വനാമത്തിന്റേയും) നിർദ്ദേശികാരൂപം കഴിഞ്ഞ്, പൊതുവെ അകറ്റിയെഴുതുന്നു.

(തുടരും)